110 (254) വൈദ്യുതി ഉൽപ്പാദനം

പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തികവർഷത്തിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിൽ മൊത്തം ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികളിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ചെലവ് കുറഞ്ഞ വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുത ചാർജ്ജിനത്തിൽ വരുത്തിയ ഭീമമായ വർദ്ധനവ് നിലവിലുള്ള വ്യവസായശാലകൾ അടച്ചുപൂട്ടുന്നതിനും പുതിയ വ്യവസായങ്ങൾ ആരംഭിക്കാതിരിക്കുന്നതിനും ഇടയാക്കും എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 സാമ്പത്തികവർഷത്തിൽ കായംകുളം എൻ.ടി.പി.സി. നിലയത്തിൽനിന്നുള്ളതുൾപ്പെടെ മൊത്തം 7841.91 മില്യൺ യൂണിറ്റ് വൈദ്യുതി കേരളത്തിൽ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) ജലവൈദ്യുത പദ്ധതികളിലൂടെ 7348.68 മില്യൺ യൂണിറ്റ് വൈദ്യുതിയാണ് ഉൽപ്പാദിപ്പിച്ചത്.

(സി) അതിരപ്പള്ളി ജലവൈദ്യുതപദ്ധതിയുടെ (163 മെഗാവാട്ട്) എല്ലാ അനുമതികളും നേടിയെടുത്ത് നിർമ്മാണപ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിയുടെയും (100 മെഗാവാട്ട്) നിർമ്മാണപ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ ലോവർ പെരിയാർ, പൊരിങ്ങൽ ലെഫ്റ്റ് ബാങ്ക് എന്നീ പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. കക്കാട് പദ്ധതി ജൂലൈ 17-ാം തീയതി കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇവയ്ക്കുപുറമെ ചൈനയുടെ സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പൈലറ്റ് പദ്ധതികളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നാലു പദ്ധതികളിൽപ്പെട്ട ചെമ്പുകാവ് ഒന്നിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനായി ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. മലങ്കര (10.5 മെഗാവാട്ട്) ജലവൈദ്യുത പദ്ധതിയുടേയും ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. സ്വകാര്യമേഖലയിലുള്ള കുത്തുങ്കൽ 21 മെഗാവാട്ട് പദ്ധതിയുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ജലസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി വൻകിടയും ചെറുകിടയുമായ പദ്ധതികൾ ആവശ്യമായ പര്യവേഷണം നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമായ പ്രത്യേക ടീമിനെ ചുമതലപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. 34 ചെറുകിട പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ എന്നിവയുടേയും സ്വകാര്യ സംരംഭകരുടേയും സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) വ്യവസായങ്ങൾക്കുള്ള വൈദ്യുതി ചാർജ്ജ് മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ കേരളത്തിലാണ് കുറവ്. കേരളത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് 199.5 പൈസ യൂണിറ്റൊന്നിന് ചെലവാക്കുമ്പോൾ വിൽപ്പന വഴി ലഭിക്കുന്നത് താരിഫ് പരിഷ്കരണത്തിനുമുമ്പ് 1.44 രൂപയും ഇപ്പോൾ ശരാശരി 189 പൈസ യാണ്. ഇങ്ങനെ പരിഷ്ക്കരണത്തിനുശേഷം ഒരു യൂണിറ്റ് വൈദ്യുതി വിൽക്കുമ്പോൾ 10.5 പൈസ നഷ്ടം സഹിച്ചുകൊണ്ടിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ താരിഫ് ഇപ്പോഴും കുറവാണെന്നിരിക്കെ താരിഫ് പരിഷ്കരണം കൊണ്ടുമാത്രം വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടി വരുമെന്നു തോന്നുന്നില്ല.

111 (255) വൈദ്യുതി ഉൽപ്പാദനം

ശ്രീ. പി.ജെ. ജോയി :

ശ്രീ. വി. ബാലറാം :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിലെ മൊത്തം ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം എത്ര യൂണിറ്റാണെന്ന് വെളിപ്പെടുത്താമോ;

(ബി) അതിൽ ഹൈഡൽ, തെർമൽ, സ്വകാര്യനിലയം എന്നിവയിൽ നിന്നുള്ളവ എത്ര വീതമായിരുന്നു എന്ന് വിശദമാക്കാമോ;

(സി) ഇതേവർഷം കേന്ദ്രപൂളിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതി വാങ്ങി എന്നതിന്റെ വിശദാംശം നൽകാമോ;

(ഡി) 1998-99-ൽ മൊത്തം ആഭ്യന്തര വൈദ്യുതി ഉൽപാദനം എത്ര യൂണിറ്റാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) കേന്ദ്രപൂളിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇതേ വർഷം വാങ്ങിയ വൈദ്യുതിയുടെ വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) ഹൈഡൽ വൈദ്യുതിയുടെ ഉൽപ്പാദനചെലവ് യൂണിറ്റിന് എത്രയാണ്;

(ജി) സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കുന്ന തെർമൽ വൈദ്യുതിയുടെ ഉൽപാദന ചെലവ് യൂണിറ്റിന് എത്രയാണ്;

(എച്ച്) കേന്ദ്രപൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് നൽകേണ്ടി വരുന്ന വില എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5187.1264 മില്യൺ യൂണിറ്റ്

(ബി)

ഹൈഡൽ	-	5045.7620 മി.യു.
തെർമൽ	-	113.2005 മി.യു.
സ്വകാര്യനിലയം	-	28.1639 മി.യു.

LIBRARY ARCHIVES Kerala Legislative Assembly